203. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—(a) കൊച്ചി രാജ്യത്തെ വസ്തുക്കളെ സംബന്ധിച്ച് ദിവാൻജി അവർകൾ ഒപ്പിട്ടു കൊടുത്തതായ കാണാധാരത്തിൻകീഴിൽ ഉള്ള വസ്തുക്കൾ പൊളിച്ചെഴുതി കൊടുക്കുന്നതിന്റെ തോതു് എന്താണു്;

(b) കൂടുതൽ മിച്ചവാരം ചുമത്താവുന്നതാണോ;

(c) ടി വക നിലങ്ങളുടെ നികുതി സംഖ്യക്കു് ഫസ്ലി രണ്ടു പറ നെല്ലു വീതം മിച്ചവാരത്തിൽ കൂട്ടിവച്ചു് പൊളിച്ചെഴുതി കൊടുത്തിട്ടുണ്ടോ;

(d) ടി വക ഭൂമികളിൽ നിന്നു് ആകെ എന്തു മിച്ചവാരം പുറവക കൂടി പിരിഞ്ഞുണ്ടാകും. അതിൽ കഴിഞ്ഞ ഫസ്ലി കൊല്ല കാലങ്ങളിൽ വല്ല കൊല്ലത്തിലും കുടിയാന്മാർക്കു് വല്ലതും വിട്ടു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ കൊല്ലത്തിലും എത്ര? ടി വക ഭൂമികളുടെ മിച്ചവാരം നെല്ലിനു പകരം പണമായി പിരിക്കാവുന്നതാണോ; ഉണ്ടെങ്കിൽ കഴിഞ്ഞ ഫസ്ലി കൊല്ലക്കാലങ്ങളിൽ ഓരോ കൊല്ലത്തിലും പറയ്ക്കു എന്തു വീതം പിരിച്ചിട്ടുണ്ടെന്നും ആ കാലങ്ങളിലെ അങ്ങാടി നിലവാരവും കാണിയ്ക്കുന്ന ഒരു വിവരപ്പട്ടിക മേശപ്പുറത്തു വയ്ക്കാമോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—(a), (b), (c) & (d) ലാണ്ടു് റവന്യൂ സെറ്റിൽമെണ്ടിനു ശേഷം കൊച്ചി രാജ്യത്തുള്ള സർക്കാർ വസ്തുക്കളെ സംബന്ധിച്ചു് യാതൊരു കാണാധാരവും ദിവാൻജി ഒപ്പിട്ടുകയുണ്ടായിട്ടില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—അതു് എന്തുകാരണം കൊണ്ടായിരിയ്ക്കും?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ജന്മികൾ പാട്ടം, മിച്ചവാരം എന്നിവ തരിയ്ക്കു തീർത്തില്ല. മാത്രമല്ല; ചിലപ്പോൾ രണ്ടോ മൂന്നോ കക്ഷികളിൽ ജന്മികം അതിനെസംബന്ധിച്ചു് വാദം പുറപ്പെടുവിയ്ക്കുകയുംചെയ്യും. അതാണതിനു കാരണം.

ഉദ്യോഗനിയമനത്തിൽ വിവിധ പ്രജകൾക്കുള്ള പ്രത്യേകാവകാശങ്ങൾ.

204. മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—ഈ രാജ്യത്തെ ഗവൺമെണ്ടുദ്യോഗനിയമന കാര്യത്തിൽ ഗവൺമെണ്ടിന്റെ നയമെന്താണു്?

രാമവർമ്മതമ്പുരാൻ.—ഈ കാര്യത്തിൽ ഗവൺമെണ്ടിനു പൊതുവേയുള്ള നയം സ്റ്റാൻഡിംഗ് ആർഡർ പേ-ാം അദ്ധ്യായം ൻ മുതൽ ഫന്നു വരേയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുണ്ടു്.

205. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ടി കാര്യത്തിൽ അപ്രതിനിധീകൃത സമുദായങ്ങൾക്കു് വല്ല പ്രത്യേകതയും

LIBRARY ARCHIVES Kerala Legislative Assembly